# Navomi(നൊവൊമി)



"Elimelech and Naomi journey to Moab with their two sons"
By Alexandre Bila     Public domain / copyright expired

തിരുവചനത്തിലെ മനോഹരമായ പുസ്തകങ്ങളിൽ ഒന്നാണ് രൂത്ത്. ദൈവീക വീണ്ടെടുപ്പിന്റെ ഒരു മനോഹര ചിത്രം ഇവിടെ കാണുന്നു. ദൈവസന്നിധിയിലെത്തിയ ഒരാൾ പിന്മാറിയാൽ അവരുടെ ജീവിതത്തിൽ എന്തു സംഭവിക്കുമെന്ന് രൂത്ത് എന്ന പുസ്തകത്തിൽ ചിത്രീകരിച്ചിരിക്കുന്നു. നൊവൊമി എന്ന വാക്കിന് ആഹ്ളാദം,ആനന്ദം,സന്തോഷം എന്നൊക്കെ അർത്ഥമുണ്ട്. കലപ്പയ്ക്ക് കൈവച്ചശേഷം പിന്നോട്ട്, താൻ കുഴിച്ച കുഴിയിൽ താൻ തന്നെ എന്നീ ചൊല്ലുകൾ നൊവൊമിയുടെ കാര്യത്തിൽ അന്വർത്ഥമാകുന്നു.

ബേത്ലഹേമിൽ താമസിച്ച എബ്രായനായ എലീമേലെക്ക്,ക്ഷാമം ഉണ്ടായ ദേശത്തു നിന്നും കുറച്ചു നാളത്തേക്ക് മഹ്ലോൻ, കില്ല്യോൻ എന്ന തന്റെ രണ്ട് ആൺമക്കളും, ഭാര്യയുമായി മോവാബ് ദേശത്തേക്ക് പോകുവാൻ തീരുമാനിച്ചു. ആത്മീയാനുഭവം കുറഞ്ഞ മക്കളോടും ഭർത്താവിനോ

ടുമൊപ്പം ആത്മീയതയിൽ കുറവില്ലാത്തവൾ ഇറങ്ങിത്തിരിച്ചത് അവളുടെ തകർച്ചയുടെ തുടക്കമായിരുന്നു. മോവാബിൽ അപ്പത്തിന് ക്ഷാമമില്ല പക്ഷേ അത് വിഗ്രഹാർപ്പിതമായിരുന്നു. വിഗ്രഹാർപ്പിതത്തിൽ പങ്കാളിയാകുവാൻ പോയതിനാൽ നൊവൊമിയ്ക്ക് വളരെ അധികം മനോദു:ഖം അനുഭവിക്കേണ്ടി വന്നു. (പരസ്പരം തെറ്റുകൾ മനസ്സിലാക്കി അവയെ തിരുത്തി മുൻപോട്ട് കൊണ്ടുപോകുന്നതാണ് കുടുംബജീവിതം, തെറ്റ് തിരുത്താതെ ഒരാളിന്റെ പുറകെ മറ്റേ ആളും അതേ തെറ്റ് ആവർത്തിക്കുമ്പോഴാണ് കുടുംബം നശിക്കുന്നത്.) വ്യവസ്ഥ വിട്ട് ലോക ഇമ്പങ്ങളുടെ അഥവാ താല്ക്കാലിക സന്തോഷങ്ങളുടെ പിറകെ പോകുന്നവരുടെ അവസ്ഥ സ്വർഗ്ഗം നൊവൊമിയുടെ ചിത്രത്തിലൂടെ വരച്ചുകാട്ടുന്നത് ശ്രദ്ധിക്കുക.

**(1) ബേത്ലഹേമിൽ നിന്ന് പുറപ്പെട്ടവൾ**

ദേശത്ത് കെടുതി നേരിട്ടപ്പോൾ ബേത്ലഹേം വിട്ട ഇവർ ദൈവത്തോട് അഭിപ്രായം ആരാഞ്ഞിരുന്നില്ല. ബേത്ലഹേമുമായുള്ള ബന്ധം വിച്ഛേദിച്ചത് തെറ്റായ തീരുമാനം ആയിരുന്നു. ജീവിക്കുവാൻ ഏത് മാർഗ്ഗവും സ്വീകരിപ്പാൻ ദൈവമക്കൾക്ക് അവകാശം ഇല്ല.ചിലപ്പോൾ ക്ഷാമത്തിന്റെ ഘട്ടങ്ങൾ വരാം. അത് ദൈവജനത്തിന്റെ ജീവിതപ്പോരായ്മ മൂലമാണ്.ക്ഷാമം കണ്ട് പേടിച്ച് ഓടിപ്പോകുകയല്ല ഒരു വിശ്വാസി ചെയ്യേണ്ടത്. ക്ഷാമകാലത്ത് ദൈവം യിസഹാക്കിനെ ക്ഷേമമായി പോറ്റിയത് നമുക്ക് ഒരു പാഠമാകണം.(ഉല്പ:26:1-13). നാം ബേത്ലഹേമിലെ ആരാധനയും ,പ്രാർത്ഥനയും , ആത്മീയഭക്ഷണവും നഷ്ടമാക്കിയാൽ യാത്ര മോവാബിലേക്കാകും എന്ന കാര്യം മറക്കരുത്.

**(2) മോവാബിലെത്തിയ നൊവൊമി**

കരയിൽ പിടിച്ചിട്ട മീനിന്റെ അവസ്ഥയാണ് ആരാധന നഷ്ടമായ ദൈവപൈതലിന്റെ അവസ്ഥയും ദൈവഭയമില്ലാത്ത മോവാബ്യരുടെ ഇട യിൽ അവരുടെ ചിട്ടയും ആചാരങ്ങളും പകർത്തിയ നൊവൊമിയുടെ കുടുംബം ജീവശ്വാസം നഷ്ടപ്പെട്ട് പിടയുവാൻ തുടങ്ങി. ആദ്യം അവളുടെ ഭർത്താവ് വിഗ്രഹാരാധികളുടെ നാട്ടിൽ ശരീരം ഏല്പിക്കുന്ന അവസ്ഥയി ലായിത്തീർന്നു.ഇത് വെറും ഒരു സിഗ്നൽ മാത്രമായിരുന്നു. അതു കൊണ്ടും മാറ്റം വരാത്തവർക്ക് "ഊരിപ്പിടിച്ച വാളുമായി" ദാവീദിന്റെ തെറ്റിന് ശിക്ഷിപ്പാൻ വന്ന ദൂതന്റെ സംഭവം ഒരു പാഠമായിരിക്കട്ടെ. (1 ദിന:21:14),തെറ്റ് തിരുത്തുവാൻ താമസിച്ചതിനാൽ ആൺമക്കൾ രണ്ടു പേരും മോവാബ്യ സ്ത്രീകളെ വിവാഹം ചെയ്ത് അവരെപ്പോലെ ജീവി ക്കുവാൻ തുടങ്ങി. **അറിവില്ലായ്മ യഹോവ ക്ഷമിയ്ക്കും, പക്ഷേ അവഗ ണന ദൈവം ക്ഷമിക്കുകയില്ല, മറക്കരുത്** . തുടർന്ന് രണ്ട് ആൺമ ക്കളേയും നഷ്ടമായി.അവരേയും വിഗ്രഹാരാധികളുടെ മണ്ണിൽ അടക്കേ ണ്ടതായി വന്നു. മോവാബ്യർ ഈ മാതാവിനെ ആശ്വസിപ്പിച്ചില്ല. വിശ്വാസി കളുടെ കുടുംബത്തെ വഴിതെറ്റിച്ച് അവർക്കുള്ള നന്മകളെ ഊറ്റി എടുത്ത് ചണ്ടിയാക്കി ദൂരെ വലിച്ചെറിയുകയാണ് സാത്താന്റെ തന്ത്രം.

**(3) മോവാബിൽ നിന്ന് ബേത്ലഹേമിലേക്ക്**

സകലവും നഷ്ടമായപ്പോൾ സുബോധം വന്ന മുടിയനായ പുത്രനെ പ്പോലെ നൊവൊമിയ്ക്കും തന്റെ നഷ്ടം ബോധ്യമായി. തിരികെ ബേത്ല ഹേമിലേക്ക് മടങ്ങുവാൻ അവൾ തീരുമാനിച്ചു. അമ്മാവിയമ്മയിൽ നിന്നും ജീവനുള്ള ദൈവത്തെപ്പറ്റി കേട്ട് ആത്മീയ കാഴ്ചപ്പാടുള്ള രൂത്ത് ദൈവീക ഉപദേശങ്ങൾ സ്വീകരിച്ചപ്പോൾ , ഓർപ്പ എന്ന മരുമകൾ കേട്ട ഉപദേശം തള്ളിക്കളഞ്ഞു. അതിനാൽ മടക്കയാത്രയിൽ അവൾ പങ്കാളിയായില്ല.

**(4)ബേത്‌ലഹേമിലെത്തിയവളുടെ പശ്ചാത്താപം**

മാനസീകവും, ശാരീരികവും, സാമ്പത്തീകവും,ആത്മീകവുമായ തകർച്ചയോടെയാണ് അവൾ തിരികെ എത്തിയതെന്നും, പിന്മാറ്റത്തിലായ തിന്റെ തിക്തഫലമാണിതെന്നും നൊവൊമിയുടെ വാക്കുകളിൽ നിന്നും മനസ്സിലാകും "സർവ്വശക്തൻ എന്നോട് ഏറ്റവും കൈപ്പായുള്ളത് പ്രവർത്തിച്ചിരിക്കുന്നു. നിറഞ്ഞവളായി ഞാൻ പോയി ഒഴിഞ്ഞവളായി യഹോവ എന്നെ മടക്കിവരുത്തിയിരിക്കുന്നു." രൂത്ത്(1:20,21).

തെറ്റായ സ്ഥാനത്ത് എത്തിച്ചേർന്നവർ അവിടെത്തന്നെ ഇരുന്ന് എത്ര ആരാധിച്ചാലും ഫലമില്ല. ആയിരിക്കുന്നിടം തെറ്റായസ്ഥലം എന്നറി ഞ്ഞിട്ടും തെറ്റു തിരുത്താൻ കഴിയാതെ തുടരുന്നവരുമുണ്ട്.ഇവർക്കെല്ലാം യഥാർത്ഥ അനുതാപത്തോടെ മടങ്ങി വന്ന നൊവൊമി ഒരു നല്ല മാതൃക യാണ്. പ്രമാണം തെറ്റിക്കുന്നവർ പരസ്യമായി തങ്ങളുടെ തെറ്റ് സമ്മതി ക്കാറില്ല. എന്നാൽ ഇവൾ തന്റെ തെറ്റ് ജനത്തിന് വ്യക്തമാക്കിക്കൊടുത്തു. കൂടാതെ താൻ പഠിച്ച പാഠങ്ങൾ എന്തെല്ലാമെന്ന് പറയുകയും ചെയ്തതി നാൽ ദൈവം അവളെ സമൃദ്ധിയിലേക്ക് നടത്തി. ഏറ്റുപറഞ്ഞ് ഉപേക്ഷി ക്കുന്നവർക്ക് യാക്കോബിനെപ്പോലെ അനുഗ്രഹം നിശ്ചയമാണ്.

**(5) അന്ത്യം മധുരമാക്കിയ ദൈവം**

മോവാബിൽ നിന്ന് തനിക്ക് ദൈവം തന്ന വിലയേറിയ മുത്തായി രൂത്തിനെ കണ്ട നൊവൊമി അവളുടെ ഭാവിയും സുരക്ഷിതമാക്കി. ബോവസ്സിന്റെ വയലിലെത്തിയവൾക്ക് അവിടെ ഒരു സംരക്ഷകനെ ദൈവം കണ്ടിരുന്നു. ബോവസ്സ് എന്ന വീണ്ടെടുപ്പുകാരനിലൂടെ രൂത്തിന് ലഭിച്ച മകനായ ഓബേദ് നൊവൊമിയുടെ മകനായി വളർന്നു. ലോകര ക്ഷകൻ ഈ വംശാവലിയിലാണ് പിറന്നത്.

നൊവൊമിയെപ്പോലെ ജീവിതയാത്ര തെറ്റിയവർ വിഗ്രഹാരാധികളെ വിട്ട് മടങ്ങിവരിക. അപ്പന്റെ കരുണ ലഭ്യമാണ്. അതിനായി ദൈവം നിങ്ങളെ സഹായിക്കട്ടെ.


Santhamma Varghese

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind